കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

## 2016-2017

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)1739/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.

ഫോൺ നമ്പർ – 0487 2331249

തീയതി:5.12.17
e-mail: dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും

ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1739/17 തിയ്യതി 5.12.17

## തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 1.04.2017 മുതൽ 14-11-2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ.ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2017 മുതൽ<br>20.11.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | | |
|---|---|---|
| ശ്രീ.ശിവൻ .പി.എ | : | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവദാസൻ.എ.കെ | : | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോയ്സൻ സി.ജെ | | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി.ഉമാദേവി ഐ.എസ് | 01-04-2016മുതൽ<br>31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീ.കെ ഉണ്ണികൃഷ്ണൻ | 1.04.2016 മുതൽ 10.06.2016 വരെ |
| ശ്രീ. പി.ജെ.ജോയ് | 11.06.2016 മുതൽ 22.06.2016 വരെ |
| ശ്രീ.പി.എൻ മധുസൂദനൻ | 23.06.2016 |

| | |
|---|---|
| ശ്രീ. പി.ജെ.ജോയ് | 24.06.2016 മുതൽ 31.07.2016 വരെ |
| ശ്രീ.പി.എൻ മധുസൂദനൻ | 01.08.2016 മുതൽ 08.08.2016 വരെ |
| ശ്രീ. പി.ജെ.ജോയ് | 09.08.2016 മുതൽ 03.10.2016 വരെ |
| ശ്രീ.പി.എൻ മധുസൂദനൻ | 04.10.2016 മുതൽ 31.12.2016 വരെ |
| ശ്രീ. പി.ജെ.ജോയ് | 01.01.2017 മുതൽ 01.02.2017 വരെ |
| ശ്രീ.നരേന്ദ്രനാഥ് പി.എം | 02.02.2017 മുതൽ 05.02.2017 വരെ |
| ശ്രീ.സി.എ മുരളീധരൻ | 06.02.2017 മുതൽ 31.03.2017 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ. | പി.എസ്. ഷൈല | 01.04.16 മുതൽ 31.05.2016 വരെ |
| | ജി.സുധർമ്മിണി | 01.06.2016 മുതൽ 23.07.2016 FN വരെ |
| | സി.സുധ | 23.07.2016 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വെള്ളാനിക്കര | ഡോ.മായാദേവി.എസ് | 01.04.16 മുതൽ 30.11.2016 വരെ |
| | ഡോ.ലത. എ.എസ് | 01.12.2016മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ, വാണിയംപാറ | ഡോ.ഒ.ജി. സുരജ | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഒ.ആർ. ബീന | 01.04.16മുതൽ 31.03.17 വരെ |
| ക്ഷീരവികസന ഓഫീസർ | സീജോൺ ജോൺസൺ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീലത.പി.ആർ | 01.04.16 മുതൽ 15.08.16 വരെ |
| | ബീന മാത്യൂ | 16.08.16 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | വിൽസൻ മത്തായി | 01.04.16 മുതൽ 30.07.16 FNവരെ |
| | ജോസഫ് ജോൺ | 30.07.16 മുതൽ 28.10.2016FN വരെ |
| | സുഗുണാഭായ്.സി.സി | 28.10.2016 മുതൽ 31.10.2016 FN വരെ |
| | സീന എ.പി | 31.10.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ, | ശ്രീ.കെ.ബി.രാജൻ | 01.04.16 മുതൽ 31.03.17വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| | ഭാഗം 2 | |
| 8 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 2-1 |
| 9 | ആസ്തിരജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ് | 2-2 |
| 10 | സി.എച്ച്.സി വെള്ളാനിക്കരയിൽ മുറിച്ചുമാറ്റിയ മരങ്ങൾ അലക്ഷ്യമായി കിടക്കുന്നു | 2-3 |
| 11 | ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ കിടക്കുന്ന മരങ്ങൾ ലേലം ചെയ്യേണ്ടതാണ് | 2-4 |
| 12 | ഇ- ടെണ്ടർ- ടെണ്ടർ ഫോം ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-5 |
| | ഭാഗം 3 | |
| 13 | മരുന്നുകൾ ലഭ്യമായില്ല | 3-1 |
| 14 | കൈപ്പറ്റ് രസീതി, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | 3-2 |
| 15 | സി.എച്ച്.സിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. | 3-3 |
| 16 | ഐ.എ.വൈ.- എൻ.ഓ.സി ഇല്ലാത്ത വീടുനിർമ്മാണത്തിന് ധനസഹായം നൽകി | 3-4 |
| 17 | ഐ.എ.വൈ അധിക വിഹിത പ്രോജക്ടുകളിൽ ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്താത്തത്. | 3-5 |
| 18 | പി.എം.എ.വൈ ഗ്രാമ,ജില്ലാ വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല. | 3-6 |
| 19 | താഴെ ചേർക്കുന്ന ചെലവുകൾക്കുള്ള രസീതി ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിയുടെ അഭാവത്തിൽ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-7 |
| 20 | ഇലക്ട്രിക്കൽ വയറിംഗ് പൂർത്തിയാക്കി 8 മാസത്തിനു ശേഷവും ഇലക്ട്രിക്കൽ കണക്ഷൻ എടുത്തിട്ടില്ല | 3-8 |
| 21 | സി.ഡി.പി.ഒ നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ അപാകതകൾ | 3-9 |
| 22 | ഭവന നിർമ്മാണം- ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് നടത്തിയ മാതൃകാപരമായ ഇടപെടൽ | 3-10 |
| 23 | പ്രവൃത്തി ചെയ്യാത്ത കരാറുകാരന്റെ സുരക്ഷാനിക്ഷേപം മുതൽക്കൂട്ടേണ്ടതാണ് | 3-11 |
| 24 | കുഴിച്ചെടുത്തമണ്ണിന്റെ ഉപയോഗം കാണിച്ചിട്ടില്ല,ലേലം നടത്തിയിട്ടില്ല | 3-12 |
| 25 | കരാർ ചമക്കൽ ആധികാരികമല്ല | 3-13 |
| 26 | പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല | 3-14 |
| 27 | കെട്ടിടനിർമാണങ്ങൾ വൈദ്യുതീകരണത്തിന് തുക വകയിരുത്തുന്നില്ല. | 3-15 |
| 28 | ചാലാംപാടം ലിഫ്റ്റ് ഇറിഗേഷൻ -ഗുണഭോക്തൃ വിഹിതം മുഴുവൻ ഈടാക്കിയിട്ടില്ല, കരാറുകാരന് അധികതുക നൽകി | 3-16 |
| 29 | കരാർ വൈകി ചമച്ചു-പിഴ ഈടാക്കിയില്ല. | 3-17 |

| | | |
|---|---|---|
| 30 | സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതി അപാകതകൾ | 3-18 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | -4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 20-3-2016 തിയ്യതിയിലെ 94-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ്. 182364000

പ്രതീക്ഷിത ചെലവ്. 181762000

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 24-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ആസ്തി ബാധ്യതാ വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,15,54,098/- |
| വരവ് | 6,28,60,372/- |
| ആകെ | 8,44,14,470/- |
| ചെലവ് | 6,46,02,252/- |
| നീക്കിയിരിപ്പ് | 1,98,12,218/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 31315434 | 31315434 | 23470393 | 7845041 | 74.95 |
| വികസനഫണ്ട് എസ്.സി.പി. | 8297004 | 8297004 | 5681188 | 2615816 | 68.47 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 1279680 | 1279680 | 622622 | 657058 | 48.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4865043 | 4865043 | 4086490 | 778553 | 83.99 |

# 1-6 പദ്ധതി അവലോകനം.

2016-17 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 51813200 | 43 | 33860693 | 30 | 6 | 54.43 % |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ

1.സി.ഡി.പി.ഒ ഓഫീസ് മെയിന്റനൻസ്.

2.മന്നാവ് മരത്താക്കര ലിഫ്റ്റ് ഇറിഗേഷൻ

3. ചിറക്കുന്ന് കുടിവെള്ള പദ്ധതി

4.കല്ലിട്ടുക്ക് ഡബ്ല്യൂ.എസ്.എസ്

5. മൂർക്കിനിക്കര ലിഫ്റ്റ് ഇറിഗേഷൻ

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.5.2017 | 2016-17 | 05.10.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.3.14 മുതൽ 17.3.14 വരെ | 2009-10 മുതൽ 2012-13 വരെ | 19.10.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

1.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതിന് അംഗീകരിച്ച ബൈലോയില്ല.ആയതിനാൽ മുറികൾ വാടകയ്ക്ക് നൽകുന്നതിന് അംഗീകരിച്ച ബൈലോയുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ഓരോ വർഷവും വാടകയിൽ 5% വർദ്ധനവ് വരുത്തുന്നില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 9 തി.18/11/2017 നൽകി ,വർഷംതോറും അധികരിക്കുന്ന തുക ഭരണസമിതി തീരുമാന പ്രകാരം കുറവു വരുത്തി കരാർ പുതുക്കി പഴയ തുകയ്ക്ക് തന്നെ നൽകുന്നുവെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഈ നടപടി മൂലം വർഷങ്ങളായി വളരെ കുറഞ്ഞ വാടകയാണ് വാടകക്കാർ നൽകി വരുന്നത്.ആയതിനാൽ ഇത്തരം നടപടികൾ അവസാനിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

3.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിൽവട്ടത്തെ വ്യവസായ കേന്ദ്രത്തിലെ രണ്ടു മുറികളിൽ ഒരെണ്ണം 2016-17 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടില്ല.ആയതിനാൽ ടി മുറി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിൽവട്ടത്തെ വ്യവസായ കേന്ദ്രം ആസ്തി രജിസ്റ്റർ പരിശോധനയിൽ കാണാൻ സാധിച്ചില്ല.ആയതിനാൽ ഈ കെട്ടിടവും,കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥലത്തിലെയും വിലപ്പിടിപ്പുള്ള മരത്തിന്റെ കണക്കുകളും ആസ്തി രജിസ്റ്ററിൽ ആധികാരികമായി ഉൾപ്പെടുത്തേണ്ടതാണ്.

## 2-3 സി.എച്ച്.സി വെള്ളാനിക്കരയിൽ മുറിച്ചുമാറ്റിയ മരങ്ങൾ അലക്ഷ്യമായി കിടക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ 28/12/2015 ലെ തീരുമാനം 118(6)പ്രകാരം സി.എച്ച്.സി വെള്ളാനിക്കര സൂപ്രണ്ടിന്റെ 28/12/2015 ലെ ബി-554/15 കത്ത് പ്രകാരം ആശുപത്രി ലാബിന് സമീപമായി അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ് 1,വേപ്പ് 1,ബാത്ത് റൂമിന് സമീപമായി നിൽക്കുന്ന പ്ലാവ് 2,ജീപ്പ് ഷെഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിൽക്കുന്ന നെല്ലി 1,മാവ് 2എന്നിവ മുറിച്ചു മാറ്റുന്നതിനുള്ള അപേക്ഷ പരിഗണിച്ച് ആയത് മുറിച്ചു മാറ്റുന്നതിനുള്ള നിയമാനുസൃത അപേക്ഷ സ്വീകരിച്ച് മുറിച്ചുമാറ്റുന്നതിനും ലഭ്യമാകുന്ന തുക എച്ച്.എം.സിയിലേക്ക് മുതൽക്കൂട്ടുന്നതിനും എച്ച്.എം.സിയെ ചുമതലപ്പെടുത്തിയെന്ന് കാണുന്നു.



ഓഡിറ്റ് ടീം 20/11/2017 ൽ സി.എച്ച്.സി വെള്ളാനിക്കരയിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്ലാവിന്റെ രണ്ട് കഷണങ്ങൾ മാത്രമാണ് കാണാൻ സാധിച്ചത്.മുറിച്ചുമാറ്റിയ എല്ലാ മരങ്ങളുടെയും വാല്യുവേഷൻ എടുത്ത് ലേലം ചെയിതിട്ടുള്ളപക്ഷം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ കിടക്കുന്ന മരങ്ങൾ ലേലം ചെയ്യേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ 05/02/2015 ലെ തീരുമാനം 118(6)പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ ഡേ കെയർ സെന്റർ കെട്ടിടം പണിയുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലേക്ക് നിൽക്കുന്ന മദിരാശി മരത്തിന്റെ കൊമ്പുകൾ വെട്ടിമാറ്റുന്നതിനും കോമ്പൗണ്ടിലുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുവാദം വാങ്ങുന്നതിനും തീരുമാനിച്ചുവെന്ന് കാണുന്നു.എന്നാൽ സോഷ്യൽ ഫോറസ്ട്രിയുടെ അനുവാദം ലഭിച്ചതായി കാണുന്നില്ല.16/01/2017-ാം തീയ്യതിയിലാണ് വാല്യുവേഷൻ എടുക്കുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്തയച്ചിട്ടുള്ളത്.



മുറിച്ചുമാറ്റിയ മരങ്ങളെല്ലാം ജീർണ്ണാവസ്ഥയിലാണ്.ആയതിനാൽ മുറിച്ചുമാറ്റിയ മരങ്ങളെല്ലാം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 ഇ- ടെണ്ടർ - ടെൻണ്ടർ ഫോം ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ- ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്റ്റുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് ( എം.എസ്) 318/2013 ത സ്വ ഭ വ തിയതി . 28.9.13 പ്രകാരം ജില്ലയിലെ എൽ.എസ്.ജി

.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ഇ- ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക എൽ.എസ്.ജി .ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 7/16.11.17) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്റ്റിന്റെ പേര് :ആശുപത്രിയിലേക്ക് മരുന്ന്, കെമിക്കൽ എന്നിവ വാങ്ങൽ –

സി.എച്ച്.സി., വെള്ളാനിക്കര.

പ്രോജക്റ്റ് നമ്പർ. 64/17

ബിൽ നമ്പർ. 2/16-17 dt. 30.03.2017

തുക. 1300000

പദ്ധതിയുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1000000 രൂപ കൈമാറിയിട്ടുണ്ട് (പഞ്ചാബ് നാഷനൽ ബാങ്ക്, തിരുവനന്തപുരം. 3624001800000019). 13.11.2017 തിയ്യതിയിൽ 404064 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്തിട്ടില്ല. ഇനിയും 595936/- രൂപയുടെ മരുന്ന് കിട്ടേണ്ടതായിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും വലിയ വീഴ്ച വരുത്തുന്നുണ്ട്. ഇത് പഞ്ചായത്ത് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.6)

## 3-2 കൈപ്പറ്റ് രസീതി, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റിന്റെ പേര് : പെയിൻ ആന്റ് പാലിയേറ്റീവ് വിഹിതം നൽകൽ.
പ്രോജക്റ്റ് നമ്പർ. 65/17
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,സി.എച്ച്.സി
ബിൽ നമ്പർ.1/16-17 dt. 31.10.2016
തുക. 650000

പ്രോജക്റ്റ് പ്രകാരം മാറിയെടുത്ത തുക മൂന്ന് പഞ്ചായത്തുകൾക്ക് ഡി.ഡി. ആയി നൽകിയിട്ടുണ്ട്.

എന്നാൽ ഈ തുക പഞ്ചായത്തുകൾ ആദ്യം സ്വീകരിക്കുകയുണ്ടായില്ല. എന്നാൽ പിന്നീട് സ്വീകരിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീതി, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

| ഗ്രാമപഞ്ചായത്ത് | ഡി.ഡി.നമ്പർ | തുക |
|---|---|---|
| പുത്തൂർ | 951954 | 250000 |
| നടത്തറ | 951955 | 200000 |
| മാടക്കത്തറ | 951956 | 200000 |

(ഓഡിറ്റ് എൻക്വയറി നമ്പർ.6)

## 3-3 സി.എച്ച്.സിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ. ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് : വെള്ളാനിക്കര സി.എച്ച്.സി യിലേക്ക് ജനറേറ്ററും മറ്റുപകരണങ്ങളും
പ്രോജക്ട് നമ്പർ. 91/17
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,സി.എച്ച്.സി
ബിൽ നമ്പർ.3/16-17 dt. 29.03.2017

തുക. 194040

ബയോകെമിസ്ട്രി അനലൈസർ, ബൈനോക്കുലർ റിസർച്ച് മൈക്രോസ്കോപ്പ്, സെൻട്രിഫ്യൂജ് എന്നിവ ഓരോ എണ്ണം വീതം വാങ്ങുന്നതിനായി സിഡ്കോ മാർക്കറ്റിംഗ് മാനേജർ ഒല്ലൂരിന് 04/03/2017 ന് 152/17 പ്രകാരം സപ്ലൈ ഓർഡർ നൽകി. ഇതിനായി 194040 രൂപ ഒല്ലൂരിലുള്ള സ്ഥാപനത്തിന്റെ 57004719246 നമ്പർ അക്കൗണ്ടിലേക്ക് കൈമാറി. എന്നാൽ ഉപകരണങ്ങളുടെ ബില്ല് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 54 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഒറിജിനൽ ബില്ലിന്റെ അഭാവത്തിൽ ചെലവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ബില്ല് ഹാജരാക്കുന്നതു വരെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ.- എൻ.ഓ.സി ഇല്ലാത്ത വീടുനിർമ്മാണത്തിന് ധനസഹായം നൽകി.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014 ലെ ഭേഗഗതി ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്തു പ്രദേശത്തു നടക്കുന്ന പുതിയ വീടുനിർമ്മാണപ്രവൃത്തികൾക്ക് 100 ച.മീ. താഴെ വരുന്ന വാസഗൃഹങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിക്കുന്ന എൻ.ഒ.സി ആവശ്യമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ധനസഹായം നൽകുന്ന ഐ.എ.വൈ, പി.എം.എ.വൈ വീടുനിർമ്മാണത്തിനുള്ള അപേക്ഷകളിലൊന്നും തന്നെ എൻ.ഒ.സി ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഗ്രാമസഭകൾ വഴി പാസ്സാക്കിയ

ഗുണഭോക്താക്കളാണെന്നും, ആയത് പഞ്ചായത്ത് അറിവോടെയാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല പല ദുർബ്ബല ജനവിഭാഗങ്ങളുടേയും വീട്ടു നിർമ്മാണത്തിന് ആധാരമാക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഉത്തരവ് (സാ.ധാ) നമ്പർ 1136/15 തി. 16.04.15 ആണെന്നും, അതു പ്രകാരം വില്ലേജ് അധികാരികളുടെ എട്ടു വർഷമായി സ്ഥിരതാമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണെന്നും ഇത്തരം താമസക്കാർക്ക് പഞ്ചായത്തിൽ നിന്നും നിലവിൽ എൻ.ഒ.സി നൽകുന്നില്ല എന്നും അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് എൻ.ഒ.സി നൽകാൻ വിസമ്മതിക്കുന്ന ഇടങ്ങളിൽ തന്നെ പഞ്ചായത്ത് ആനുകൂല്യത്തോടെ നിർമ്മാണങ്ങൾ നടക്കുന്നു എന്നത് ഒരു ചട്ടലംഘനമായെ കണക്കാക്കാനാകൂ.മാത്രമല്ല ഗ്രാമസഭ ഗുണഭോക്താക്കളുടെ യോഗ്യത മാത്രമേ പരിശോധിക്കുന്നുള്ളൂ. നിർമ്മാണത്തിൽ ചട്ടലംഘനം ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. ആയതിനാൽ എൻ.ഒ.സി ലഭ്യമാകുമായിരുന്ന അപേക്ഷകളിൽ ആയത് ഉറപ്പുവരുത്തുന്നതിനും, ഭൂമിയിൽ അവകാശം സിദ്ധിച്ച രേഖകളില്ലാത്തവർക്ക് നിയമപ്രകാരം സഹായം ഉറപ്പുവരുത്തേണ്ടതിലേക്ക് വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം തേടുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.11)

## 3-5 <u>ഐ.എ.വൈ അധിക വിഹിത പ്രോജക്ടുകളിൽ ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്താത്തത്.</u>

2016-17 വർഷം 2015-16 വർഷത്തെ ഐ.എ.വൈ പ്രോജക്ടുകളുടെ തുടർച്ചയായി ആകെ ആറ് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ സംസ്ഥാന ഫണ്ടിനു പകരം വകയിരുത്തലായി നടപ്പാക്കിയ ഒന്നൊഴികെ മറ്റെല്ലാം അധിക വിഹിതം നൽകലാണ് . ഇതിൽ ഗ്രാമ, ജില്ലാ വിഹിതങ്ങൾ വകയിരുത്തിക്കാണുന്നില്ല. ആയതിന്റെ കാരണമാരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ബന്ധപ്പെട്ട വിഹിതങ്ങൾ പിന്നീടുള്ള വർഷങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട് എന്നും, പ്രോജക്ടിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിരിക്കുന്നു. വിഹിതങ്ങൾ വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കപ്പെടുന്നത് അത് പ്രോജക്ടിൽ വകയിരുത്തുമ്പോൾ മാത്രമാണ്. ഇത്തരം വകയിരുത്തലില്ലാതെ തന്നെ പ്രോജക്ടിന് ഡി.പി.സി അംഗീകാരം നൽകിയതും ശ്രദ്ധേയമാണ്. വിഹിതങ്ങൾ നിശ്ചിത അനുപാതത്തിൽ ഉൾപ്പെടുത്തേണ്ടതിലും അത് സമയബന്ധിതമായി ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിലും ജാഗ്രതക്കുറവുണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.13)

## 3-6 <u>പി.എം.എ.വൈ ഗ്രാമ,ജില്ലാ വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല.</u>

തൻവർഷം പി.എം.എ.വൈ പദ്ധതികളിൽ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ,ജില്ലാ പഞ്ചായത്തുകൾ മാർച്ച് മാസാന്ത്യത്തിലാണ് വിഹിതം കൈമാറിയതെന്നും ആയതിനാലാണ് തൻവർഷം ചിലവഴിക്കാനാകാത്തതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വിഹിതം പിന്നീട് ചെലവിട്ടിട്ടുണ്ടെന്നും പറയുന്നു. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചയായി ഇത് ഓഡിറ്റിൽ വിലയിരുത്തുന്നു. സംയുക്തപ്രോജക്ടുകളുടെ ഫണ്ട് സമയബന്ധിതമായി ലഭിക്കുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ. 36/17 പി.എം.എ.വൈ (ജി) വിഹിതം(എസ്.സി)

ചെലവ് ബ്ലോക്ക് ഷെയർ മാത്രം. 136000/-

പ്രോജക്ട് നമ്പർ. 37/16 പി.എം.എ.വൈ (ജി) വിഹിതം (ജനറൽ)

ചെലവ് ബ്ലോക്ക് ഷെയർ മാത്രം. 983670/-

(ഓഡിറ്റ് എൻക്വയറി നമ്പർ.12 )

## 3-7 താഴെ ചേർക്കുന്ന ചെലവുകൾക്കുള്ള രസീതി ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീതിയുടെ അഭാവത്തിൽ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1.തുല്യതാ പദ്ധതി

ബിൽ നമ്പർ.C.B.90 /16-17 dt. 16.03.2017

പ്രോജക്ട് നമ്പർ. 60/17

തുക.49600 (തനതുഫണ്ട്)

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ തനതുഫണ്ടിൽ നിന്നും 49600 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

2 ഐ.കെ.എംവിഹിതം

പ്രോജക്ട് നമ്പർ. 17/16-17
ഡി.ഡി നമ്പർ 951276 dt. 30.09.2016

തുക. 75000 (പദ്ധതി വിഹിതം)

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ 75000 രൂപ ഐ.കെ.എം ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

കൈപ്പറ്റ് രസീതി ഹാജരാക്കുന്നതുവരെ മേൽചെലവു നടപടി ഓഡിറ്റിൽ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. (എൻക്വയറി നമ്പർ.15)

## 3-8 ഇലക്ട്രിക്കൽ വയറിംഗ് പൂർത്തിയാക്കി 8 മാസത്തിനു ശേഷവും ഇലക്ട്രിക്കൽ കണക്ഷൻ എടുത്തിട്ടില്ല

പ്രോജക്ടിന്റെ പേര്-കമ്മ്യൂണിറ്റി കം ഡേ കെയർ സെന്റർ വയറിംഗും, അനുബന്ധ പ്രവൃത്തികളും.
പ്രോജക്ട് നമ്പർ. 87/17

ബിൽ നമ്പർ. 17/16-17 dt. 31.03.2017

തുക.381837

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്മ്യൂണിറ്റി കം ഡേ കെയർ സെന്ററിന്റെ ഇലക്ട്രിക്കൽ ജോലികൾ കരാർ നൽകുകയും 31.03.2017 ന് പണികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പണി പൂർത്തീകരിച്ച് എട്ടു മാസം കഴിഞ്ഞിട്ടും സ്ഥാപനത്തിലേക്ക് ഇലക്ട്രിക്ക് കണക്ഷൻ എടുത്തിട്ടില്ല. കണക്ഷൻ എടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 സി.ഡി.പി.ഒ നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ അപാകതകൾ

1.പ്രോജക്ട് നം:s0052/17

പദ്ധതിയുടെ പേര്:ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ബ്ലോക്ക് വിഹിതം:2,00,000/-

ചെലവഴിച്ചത്:1,83,700/-

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 2,00,000/- കൈമാറിയിരുന്നു.എന്നാൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ 1,83,700/- ചെലവഴിച്ചതായും ബാക്കി തുക 16,300/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.എന്നാൽ തിരിച്ചടച്ചതിന്റെ ചലാന്റെ കോപ്പി ഫയലിൽ കാണുന്നില്ല.ആയതിനാൽ 16,300/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതിന്റെ ചലാന്റെ കോപ്പി പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.പ്രോജക്ട് നം:s0053/17

പദ്ധതിയുടെ പേര്:ബഡ്സ് സ്കൂളിന് ഫർണീച്ചർ

ബ്ലോക്ക് വിഹിതം:2,50,000/-

ചെലവഴിച്ചത്:0/-

ബഡ്സ് സ്കൂളിന് ഫർണീച്ചർ വാങ്ങുന്നതിനായി നടത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 2,50,000/- കൈമാറിയിരുന്നു.എന്നാൽ നടത്തറ ഗ്രാമപഞ്ചായത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ 2,50,000/- ചെലവഴിച്ചിട്ടില്ലായെന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8 തി.16/11 /2017) ,ഈ തുക തിരിച്ചടച്ചിട്ടില്ലായെന്നും 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.എന്നാൽ സ്പിൽ ഓവറാക്കി മാറ്റിയ പ്രോജക്ടിന്റെ നമ്പർ,അംഗീകാരം ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല.ആയതിനാൽ ഈ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

3.പ്രോജക്ട് നം:s0081/17

പദ്ധതിയുടെ പേര്:കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

തുക:81,000/-,പ്ലാൻ ഫണ്ട്

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.കെ.എമ്മിൽ നിന്നും ടെക്നിക്കൽ സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8 തി.16/11/2017) ,ഐ.കെ.എമ്മിൽ നിന്നും ടെക്നിക്കൽ സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടില്ലായെന്നും,ബ്ലോക്ക് പഞ്ചായത്ത് നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് വാങ്ങൽ പ്രക്രിയ നടത്തിയതെന്നുമാണ് മറുപടി നൽകിയത്. ബ്ലോക്ക് പഞ്ചായത്ത് നൽകിയ സ്പെസിഫിക്കേഷനിൽ ഇന്റലിന്റെ 4th ജനറേഷൻ പ്രോസസ്സറും,ഡിഡിആർ 3 മെമ്മറിയുമാണ്.ഇതു പ്രകാരം ക്വട്ടേഷൻ വിളിക്കുകയും,മൂന്നു സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ക്വട്ടേഷനിൽ പങ്കെടുത്ത കെയർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം അപ്പോഴത്തെ പുതിയ സ്പെസിഫിക്കേഷനുമായി(ഇന്റലിന്റെ 6th ജനറേഷൻ പ്രോസസ്സറും,ഡിഡിആർ 4 മെമ്മറിയും) ക്വട്ടേഷൻ നൽകിയെങ്കിലും അവരുടെ ക്വട്ടേഷൻ സ്വീകരിച്ചില്ല.ആയതിനാൽ ഇത്തരത്തിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ ഐ.കെ.എമ്മിൽ നിന്നും ടെക്നിക്കൽ സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടേണ്ടതാണ്.

## 3-10 <u>ഭവന നിർമ്മാണം- ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് നടത്തിയ മാതൃകാപരമായ ഇടപെടൽ</u>

ഇന്ദിര ആവാസ് യോജന പദ്ധതിയിൻ കീഴിൽ ആരംഭിക്കുകയും എന്നാൽ പ്രതികൂല സാഹചര്യങ്ങളെത്തുടർന്ന് പൂർത്തിയാക്കാൻ കഴിയാതിരിക്കുകയും ചെയ്ത പട്ടികവർഗ്ഗത്തിലും പട്ടികജാതിയിലുമുൾപ്പെട്ട ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട എട്ടോളം ഗുണഭോക്താക്കൾക്ക് പൊതുസമൂഹത്തിന്റെ പിൻതുണയോടെ ബ്ളോക്ക് പഞ്ചായത്ത് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ വീടുകളിൽ പലതും 2013-14 വർഷമോ അതിനു മുമ്പോ ആയി ആരംഭിക്കുകയും എന്നാൽ പണി പൂർത്തിയാകാതെ കിടക്കുകയും ചെയ്ത സാഹചര്യത്തിൽ കണ്ണാറ സർക്കിളിലെ വി.ഇ.ഒ ആയിരുന്ന ശ്രീമതി. സുമിത ബേബിയുടെ പ്രത്യേക താല്പര്യാർത്ഥം ജോയ് ആലുക്കാസ് ഫൗണ്ടേഷന്റെ സഹായത്തോടെയാണ് സർക്കാർ സഹായം കൊണ്ട് മാത്രം ഒരു കാരണവശാലും പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്ന ഈ വീടുകൾ പൂർത്തീകരിച്ചിട്ടുള്ളത്. സർക്കാർ സഹായം കൊണ്ട് മാത്രം പല ദുർബ്ബല വിഭാഗങ്ങൾക്കും വീട് എന്ന അടിസ്ഥാന ആവശ്യം നിറവേറ്റുന്നതിന് കഴിയാത്ത സാഹചര്യത്തിലും, സംസ്ഥാനമൊട്ടാകെ അത്തരം പണി പൂർത്തീകരിക്കാത്ത വീടുകൾ നിലനിൽക്കുന്ന സാഹചര്യത്തിലും പൊതുസമൂഹത്തിൽ നിന്നും സേവനതല്പരരായ വ്യക്തികളുടെയോ, സംഘടനകളുടെയോ പിൻതുണയോടെ ഇത്തരം മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. ജോയ് ആലുക്കാസ് ഫൗണ്ടേഷൻ 30 ലക്ഷം രൂപയാണ് വീടുകളുടെ പൂർത്തീകരണത്തിനായി ചെലവിട്ടിട്ടുള്ളത്. ഇക്കാര്യത്തിന് മുൻകൈയ്യെടുത്ത ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതി, മറ്റു ഉദ്യോഗസ്ഥർ എന്നിവരും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

(അവലംബം. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണം. പ്രവർത്തന റിപ്പോർട്ട്)

## 3-11 പ്രവൃത്തി ചെയ്യാത്ത കരാറുകാരന്റെ സുരക്ഷാനിക്ഷേപം മുതൽക്കൂട്ടേണ്ടതാണ്

പ്രൊജക്റ്റ് നം.8/17,ചിറകുന്ന് കുടിവെള്ളപദ്ധതി

അടങ്കൽ 560000 ,എസ്.സി.പി.

2015-16 ൽ ആവിഷ്കരിച്ച ഈ പദ്ധതിക്കായി 9/12/15 ന് ശ്രീ.ഇ.ഡി. സാജൻ ഏറ്റുമാനൂരുകാരൻ പി.ഒ. മൂപ്ളിയം എന്നവർ കരാർ വെച്ചെങ്കിലും നാളിതുവരെ പ്രവൃത്തിയൊന്നും നിർവഹിക്കാത്തതിനാൽ ടിയാൻ കെട്ടിവെച്ച സുരക്ഷാനിക്ഷേപം ബ്ളോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്.

## 3-12 കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം കാണിച്ചിട്ടില്ല,ലേലം നടത്തിയിട്ടില്ല

വിവിധ പ്രവൃത്തികൾ നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണ് എന്തുചെയ്തുവെന്ന് അളവുപുസ്തകത്തിൽ മുഴുവനായും രേഖപ്പെടുത്തുകയോ അപ്രകാരം ലഭിച്ച മണ്ണ് ലേലം നടത്തുകയോ ചെയ്തിട്ടില്ല.

| ക്രമനം. | പ്രവൃത്തി | ഇനം | കുഴിച്ചെടുത്ത മണ്ണ് | അളവുപുസ്തകം | കുറിപ്പ് |
|---|---|---|---|---|---|
| 1 | വിണ്ടാശേരി അംഗൻവാടി നിർമാണം | 2 | 19.21 $m^3$ | 32/16-17 | |
| 2 | മൂർക്കിനിക്കര ലിഫ്റ്റ് ഇറിഗേഷൻ | അപ്പെന്റിക്സ് എ ഇനം 3 | 15.08 $m^3$ | 8/15-16 | |
| 3 | ബ്ളോക്ക് പഞ്ചായത്തിലെ കിണർ മെയിന്റനൻസ്, സമഗ്രമഴവെള്ള സംഭരണം | 1,5 | 193.02 $m^3$ | 64/15-16,65 /15-16 | ഇനം 6 പ്രകാരം 98.64m3മണ്ണ് ഫില്ലിങിന് ഉപയോഗിച്ചു. ബാക്കി 94.38m3 മണ്ണിന്റെ ഉപയോഗം കാണിച്ചിട്ടില്ല. |
| 4 | ശിങ്കാരിക്കുളം മെയിന്റനൻസ് | 1,2,3 | 367.523 $m^3$ | 6/16-17 | സ്ഥലപരിശോധന നടത്തിയപ്പോൾ തൊട്ടരികിലുള്ള പാടത്ത് രണ്ട് വശത്തായി കൂട്ടിയിട്ടിട്ടുണ്ട്, പുല്ലുകൾ വളർന്നുനിൽപാണ്. മഴ വരുമ്പോൾ ഒലിച്ചു പോകുന്നതാണ്. |
| 5 | സി.എച്ച്.സി.കെട്ടിടനിർമ്മാണം | 1 | 196.81 $m^3$ | 21/15-16,4/ 16-17, 33/16-17 | 140.03m3 മണ്ണ് ഫില്ലിങിന് ഉപയോഗിച്ചു. 56.78 m3 മണ്ണ് ബാക്കിയുള്ളതിൽ ഉപയോഗയോഗ്യ മല്ലാത്ത 45m3 |

| | | | | | |
|---|---|---|---|---|---|
| | | | | | മണ്ണ് വിൽവട്ടം കോമ്പൗണ്ട് നിരപ്പാക്കാൻ നിശ്ചയിച്ചിരുന്നു. ആയത് ചെയ്തിട്ടില്ല. പണിയുന്നകെട്ടിടത്തിന് മുമ്പിലായി മണ്ണ് കൂട്ടിയിട്ടിട്ടുണ്ട്. |
| 6 | മരത്താക്കര എസ്.സി.വിശ്വനാഥൻ കോളനി ചുറ്റമതിൽ നിർമ്മാണം | 1 | 29.57 $m^3$ | 16/15-16 | |

നിർമ്മാണപ്രവർത്തനം നടത്തുമ്പോൾ ലഭിക്കുന്ന മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ നിർബന്ധമായും കാണിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്ഥാപനത്തിന് പുറമെനിന്ന് മണ്ണ് കൊണ്ടുവരുന്നതിന് $m^3$ ന് 137 രൂപ,കരാറുകാരന്റെ ലാഭം കടത്തുകൂലി എന്നിവ കൊടുക്കേണ്ടിവരുന്നുണ്ട് എന്ന കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുമാണ്.

## 3-13 കരാർ ചമക്കൽ ആധികാരികമല്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ(GO(P)3/12PWD/1/2/12) 2010 നം. നിബന്ധനയനുസരിച്ച അപ്പന്റിക്സ് 2000E ഫോമിലാണ് കരാർ ചമക്കേണ്ടത്. പക്ഷെ സ്ഥാപനത്തിൽ ഇപ്പോഴും കേരള ഡിറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫോമിലാണ് കരാർ ചമച്ചിട്ടുള്ളത്.ഇത് ശരിയായ നടപടിയല്ല.ഈ അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്.കരാറുകാരുമായി ചമക്കുന്ന ആറാം നിബന്ധനയിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം ചേർക്കേണ്ടതാണെങ്കിലും ആയത് രേഖപ്പെടുത്തുന്നില്ല.

കരാറുകാരുമായി ചമക്കുന്ന ഏഴാമത് നിബന്ധനയനുസരിച്ച് കരാറുകാരന്റെതല്ലാത്ത കാരണത്താൽ പണി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം കാലാവധിയുടെ 20% സമയം നീട്ടി നൽകാവുന്നതാണ്. വരുന്ന ആദ്യ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുവരുന്ന ഓരോ മൂന്നുമാസത്തിനും രണ്ട് ശതമാനം നിരക്കിലും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷെ കരാറുകാരൻ അധികസമയം അനുവദിക്കാൻ അപേക്ഷ നൽകുകയോ പൂർത്തീകരണകാലാവധി നീട്ടി നൽകി ഉത്തരവിടുകയോ അധികസമയത്തിന് പിഴ ഈടാക്കുകയോ ചെയ്യുന്നില്ല.അധികസമയത്തിന് കരാറിൽ വ്യവസ്ഥ ചെയ്തതുപ്രകാരമുള്ള പിഴ ഈടാക്കുകതന്നെ ചെയ്യേണ്ടതാണ്

## 3-14 പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

കരാറുകാരുമായി ചമച്ചിട്ടുള്ള കരാറിലെ ഏഴാം നിബന്ധന പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്തകാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം 20% വരെ കാലാവധി നീട്ടി നൽകാവുന്നതാണ്.തുടർന്നുള്ള അധികസമയത്തിന് ആദ്യ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും രണ്ട് ശതമാനം നിരക്കിലും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.പക്ഷെ കരാറുകാരൻ സമയം നീട്ടി അനുവദിക്കുന്നതിന് അപേക്ഷ നൽകുകയോ,സമയം നീട്ടി അനുവദിച്ചുത്തരവാകുകയോ,കരാറുകാരൻ അനുബന്ധ കരാർ ചമക്കുകയോ ചെയ്യുന്നില്ല.ഇക്കാരണത്താൽതന്നെ 20% അധികസമയം കരാറുകാരന്

അർഹതയില്ലാത്തതാണ്.ആയതിനാൽ അവരിൽ നിന്നും കരാർ വ്യവസ്ഥയനുസരിച്ച് പിഴ ഈടാക്കേണ്ടതാണ്.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.പി.എച്ച്.സി.കെട്ടിടനിർമാണം

പ്രൊജക്റ്റ് നം.119/16,13/17

അടങ്കൽ-3580236(വികസനഫണ്ട് ജനറൽ)

കരാറുകാരൻ-കെ.കെ.ഷാജി

കരാർ നം. 34/AEE/LSGD/olk/2015-16/21/12/15

കാലാവധി-ആറുമാസം ,കരാർ തുക-3390656.79

പൂർത്തീകരിക്കേണ്ട തീയ്യതി-20/9/16

അളവുപുസ്തകം -28/15-16,21/15-16,4/16-17,33/16-17

3053464 രൂപയുടെ പ്രവൃത്തി ചെയ്തതിന് മൂന്ന് ഭാഗിക ബില്ലുകൾനൽകിയിട്ടുണ്ട്.അന്തിമ ബിൽ തയ്യാറാക്കുമ്പോൾ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. റെക്കോഡ് റൂമിൽ വാർഡ്രോബ് നിർമാണം

പ്രൊജക്റ്റ് നം.65/15,83/16,5/17

അടങ്കൽ മൂന്ന് ലക്ഷം -റോഡിതരസംരക്ഷണഗ്രാന്റ്

കരാറുകാരൻ-ലിജോ ജോർജ്

കരാർ നം-19/AEE/LSGD/OLK/14-15//14/11/14

സ്ഥലം കൈമാറ്റം -14/11/14

പൂർത്തീകരിക്കേണ്ട തീയ്യതി-31/3/15 ആറാം നിബന്ധന

പൂർത്തീകരിച്ച തീയ്യതി-31/7/16

കരാർ തുക-299765

പിഴ ഈടാക്കേണ്ട വിധം

1/4/15മുതൽ 30/6/15 വരെ 1% = 2997.65

1/7/15 മുതൽ 30/6/16 വരെയുള്ള നാലു മൂന്ന് മാസത്തേക്ക് 2% = 24981.20

1/7/16 മുതൽ 30/7/16 വരെ 2% = 492.76

ആകെ ഈടാക്കേണ്ട പിഴ =27472 രൂപ .
മേൽപറഞ്ഞ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.CHC ക്വാർട്ടേഴ്സ് ,ജീപ്പ് ഷെഡ് മെയിന്റനൻസ്

പ്രൊജക്റ്റ് നം.112/16,12/17 ,അടങ്കൽ ആറുലക്ഷം (സംരക്ഷണ ഗ്രാന്റ്)

കരാർതുക-599317

കരാറുകാരൻ-കെ.എസ്.സുധീഷ്

കാലാവധി-ആറുമാസം

കരാർ-42AEE/LSGD/OLK/15-16/4/3/16

അളവുപുസ്തകം 41/15-16,53/15-16

പണി കഴിഞ്ഞത്-14/10/16

പൂർത്തീകരിക്കേണ്ട തീയ്യതി-3/9/16

ബിൽ നം.53/15-16/30/3/16-414481

,, 1/16-17/27/10/16-188519

പിഴ ഈടാക്കേണ്ട വിധം

4/9/16മുതൽ 13/10/16 വരെ 40 ദിവസം 1%=657

ഈ തുകയും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-15 കെട്ടിട നിർമ്മാണങ്ങൾ വൈദ്യുതീകരണത്തിന് തുക വകയിരുത്തുന്നില്ല.

12-ാം പഞ്ചവൽസരപദ്ധതി മാർഗരേഖ അനുസരിച്ച് (ഖണ്ഡിക-6.15XIII(സി) )അനുസരിച്ച് ഒരു കെട്ടിടനിർമാണ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അവയെല്ലാം ആ പ്രൊജക്റ്റിൽ നിർബന്ധമായി ഉൾപ്പെടുത്തണമെന്നും വൈദ്യുതീകരണത്തിനുള്ള തുക ലംപ്സം ആയി ഉൾപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.എന്നാൽ താഴെപറയുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ വൈദ്യുതീകരണത്തിനുള്ള തുക വകയിരുത്തിയിരുന്നില്ല.

1.പ്രൊജക്റ്റ് നം.119/16,13/17-CHC കെട്ടിട നിർമാണം

2.പ്രോജക്റ്റ് നം.72/17മുതിർന്നവർക്കുള്ള ഡേകെയർ നിർമാണം

3.പ്രൊജക്റ്റ് നം.46/17-വിണ്ടാശേരി അംഗൻവാടി നിർമാണം

ഭാവിയിൽ കെട്ടിടനിർമാണപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വൈദ്യുതീകരണത്തിനുള്ള തുക ലംപ്സം ആയി ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ചാലാംപാടം ലിഫ്റ്റ് ഇറിഗേഷൻ -ഗുണഭോക്തൃവിഹിതം

## മുഴുവൻ ഈടാക്കിയിട്ടില്ല, കരാറുകാരന് അധികതുക നൽകി

പ്രൊജക്റ്റ് നം.128/16,15/17

അടങ്കൽ -500000(വികസനഫണ്ട്)

55000 (ഗുണഭോക്തൃ വിഹിതം)

ഈ പദ്ധതിക്കായി 50000 രൂപയാണ് ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്തത് (രശീതി നം.11504100042/16/10/16)എന്നാൽ ഈ ഇനത്തിൽ കരാറുകാരനായ ജോർജ് കുട്ടിക്ക് കൊടുത്ത തുക താഴെ കൊടുക്കുന്നു.

ഡി.ഡി.നം.952905/30/12/16-30000

,, 952906/,, 25000

അധികം കൊടുത്ത 5000 രൂപ കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 കരാർ വൈകി ചമച്ചു-പിഴ ഈടാക്കിയില്ല.

പ്രൊജക്റ്റ് നം.128/16,15/17 -ചാലാംപാടം ലിഫ്റ്റ് ഇറിഗേഷൻ രണ്ടാം ഘട്ടം

അടങ്കൽ-555000, കരാറുകാരൻ-ശ്രീ.ജോർജ് കുട്ടി

കരാർ-2/AEE/LSGD/OLK/16-17/18/10/16

മേൽപറഞ്ഞ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് അയച്ചത് 1/9/16 നാണ്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2009(6) നിബന്ധനയനുസരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാർ ചമച്ചില്ലെങ്കിൽ കരാർ തുകയുടെ ഒരു ശതമാനം പിഴ ഈടാക്കേണ്ടതാണ്.ആയതിനാൽ കരാർ തുകയായ 476590 രൂപയുടെ ഒരു ശതമാനം ആയ 4766 രൂപ കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-18 സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയപദ്ധതി അപാകതകൾ

1)വനിതാ ഗ്രൂപ്പുകൾക്ക് ആട് വാങ്ങി നൽകൽ (ജനറൽ)

പ്രൊജക്റ്റ്നം. 48/17

അടങ്കൽ 1520000-(പദ്ധതി വിഹിതം)

1520000-(ഗുണഭോക്തൃ വിഹിതം).

ആകെ 3040000

വനിതാ ഗ്രൂപ്പുകൾക്ക് ആട് വാങ്ങി നൽകൽ പദ്ധതിയിൽ വനിതാഗ്രൂപ്പിലെ ഓരോ അംഗത്തിന്റെയും വാർഷിക കുടുംബ വരുമാനം 12ാം പഞ്ചവത്സരപദ്ധതി മാർഗരേഖയനുസരിച്ച് 50000 രൂപക്ക് മേൽ വരാൻ പാടില്ല.എന്നാൽ പദ്ധതി ആനുകൂല്യം ലഭിച്ച 74 ഗുണഭോക്താക്കൾ

വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അവരുടെ കുടുംബവാർഷിക വരുമാനം ഈ പരിധി പാലിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.ഇവരുടെ കുടുംബവരുമാനം പരിധിക്കുള്ളിലാണെന്നുള്ളതിന്റെ ആധികാരികരേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2.പട്ടികജാതി വനിതാഗ്രൂപ്പുകൾക്ക് ആട്ടുവളർത്തൽ പദ്ധതി നടപ്പാക്കിയില്ല.

സാമ്പത്തിക വർഷം 840000 രൂപ അടങ്കലിൽ (പദ്ധതി വിഹിതം 525000, ഗുണഭോക്തൃ വിഹിതം.315000) പട്ടികജാതി വനിതകൾക്കായി ആട്ടുവളർത്തൽ പദ്ധതി പ്രൊജക്റ്റ് നം. 49/17 ആയി ആവിഷ്കരിച്ചെങ്കിലും ഒരു ഗ്രൂപ്പിന് പോലും തുക നൽകുവാൻ കഴിഞ്ഞിട്ടില്ല.സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന് വേണ്ടി പദ്ധതി തുക വിനിയോഗിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.പദ്ധതി പണം ചെലവഴിക്കാത്തത് തൊഴിൽ സാമ്പത്തിക രംഗങ്ങളിൽ മാന്ദ്യം സൃഷ്ടിക്കുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ ബാക്കിയുള്ള തുക | തിരിച്ചടച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ ഭവനനിർമ്മാണം വായ്പ സംസ്ഥാന വിഹിതം നൽകുന്നതിന് | സ.ഉ(എംഎസ്)നം.115/2/13/തസ്വഭവ തി. 22.03.2013 | 22,53,612/- | മുതൽ 10,72,027/- പലിശ 5,45,248/- | മുതൽ 8,95,864/- പലിശ 5,45,248/- | 1,76,163/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,28,60,372/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,46,02,252/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9766 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 968640 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-16 | | 5000 | ഒ.ആർ ബീന, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-17 | | 4766 | ഒ.ആർ ബീന, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 9766 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6,50,000/- | ഡോ.മായാദേവി എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-3 | 194040 | ഡോ.ലത.എ.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-7 | 75,000/- | ശ്രീ. പി.ജെ.ജോയ് , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| | 49,600/- | ശ്രീ.സി.എ മുരളീധരൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 968640 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഒ.ആർ ബീന, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് | ഒ.ആർ ബീന, തയ്യിൽ വീട്, മണ്ണംപേട്ട, വരാക്കര. പി.ഒ, തൃശ്ശൂർ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97, 97-98 | എൽ.എഫ്.ടി11/535/99/തീ.4.9.99/6.10.99 |
| 1998-99 | എൽ.എഫ്.ടി11/29/2000/തീ.14.6.2000 /4.9.2000 |
| 1999-2000 | എൽ.എഫ്.ടി11/1715/18.5.11 |
| 2000-01 | എൽ.എഫ്.ടി11/1606/തീ.13.5.02/3.9.02 |
| 2001-02 | എൽ.എഫ്.ടി11/114/06/തീ.8.6.06/14.11.06 |
| 2002-03 | എൽ.എഫ്.ടി11/115/06/തീ.20.06.06/14.11.06 |
| 2003-04 | എൽ.എഫ്.ടി11/2572/07തീ.31.3.09 |
| 2004-05 | എൽ.എഫ്.ടി11/2573/07/തീ.31.1.09 |
| 2005-06 | എൽ.എഫ്.ടി11/2574/07/തീ31.1.09/4.7.09 |
| 2006-07, 07-08, 08-09, 09-10, 10-11 | എൽ.എഫ്.ടി (ബി.പി.1367/12/5.2.13/13.6.13 |
| 2011-12 | എൽ.എഫ്.ടി (ബി.പി.)1367/6.6.14/16.7.14 |
| 2012-13 | എൽ.എഫ്.ടി (ബി.പി)1559/14 |

| | |
|---|---|
| | തീ.5.1.15/12.2.15 |
| 2013-14 | എൽ.എഫ്.ടി.എസ്.ആർ. (ബിപി)328/15/7.7.15/ 13.8.15 |
| 2014-15,2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)-616/17 തി.26.5.2017/9.6.2017 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്